മലിനീകരണനിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചു വരുന്നു. ഇത്തരം സ്ഥാപനങ്ങളിൽനിന്ന് പുറന്തള്ളുന്ന സംസ്കരിച്ച പാഴ്ജലത്തിന്റേയും പാഴ്വായുവിന്റേയും ഗുണനിലവാരം തത്സമയംതന്നെ മലിനീകരണനിയന്ത്രണ ബോർഡിന്റെ കാര്യാലയങ്ങളിലെ കമ്പ്യൂട്ടറുകളിൽ നേരിട്ട് ലഭ്യമാക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പെട്ടെന്നുതന്നെ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ഈ സംവിധാനം പ്രയോജനപ്പെടും. ആയതിനായി മലിനീകരണനിയന്ത്രണ ബോർഡിന്റെ കാര്യാലയങ്ങളിൽ സർവറും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും മറ്റും നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായ സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിക്കാതെ അവിടങ്ങളിൽ നിന്നും പുറന്തള്ളുന്ന പാഴ്ജലത്തിന്റെ ഗുണനിലവാരം ഈ സംവിധാനത്തിലൂടെ മോണിറ്റർ ചെയ്യാൻ സാധിക്കുന്നതാണ്. ഈ സംവിധാനം ഘട്ടംഘട്ടമായി കൂടുതൽ വ്യവസായ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

(ഡി) ജല-വായു മലിനീകരണനിയന്ത്രണം കർശനമായി നടപ്പിലാക്കുന്നതിനും വ്യവസായ സ്ഥാപനങ്ങൾ ഇത് പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും മലിനീകരണനിയന്ത്രണ ബോർഡിൽനിന്നും വ്യവസായ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്ന അവസരങ്ങളിലും തുടർന്നും അത്തരം സ്ഥാപനങ്ങളിൽ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു.

മലിനീകരണനിയന്ത്രണ പദ്ധതി

88(2289) ശ്രീ. പാലോട് രവി :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലനീകരണനിയന്ത്രണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) മലിനീകരണനിയന്ത്രണത്തിനും അതുവഴി പരിസ്ഥിതി സംരക്ഷണത്തിനുമായുള്ള താഴെപ്പറയുന്ന പദ്ധതികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വഴി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു:

1. മലിനീകരണ നിയന്ത്രണം പ്രാവർത്തികമാക്കുന്നതിന് പരിസ്ഥിതി നിയമങ്ങൾ മലിനീകരണനിയന്ത്രണ ബോർഡിലൂടെ നടപ്പാക്കിവരുന്നു. ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരവും 1981-ലെ വായു മലിനീകരണനിവാരണവും നിയന്ത്രണവും നിയമപ്രകാരവും പാഴ്ജലം ഒഴുക്കുന്നതിനും ചിമ്മിനിവഴിയും അല്ലാതെയുമുള്ള ബഹിർഗമനങ്ങൾ നടത്തുന്നതിനും വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഉത്തുംഗ കെട്ടിടങ്ങൾക്കും മറ്റും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നേടേണ്ടത് നിർബന്ധമാക്കിയിരിക്കുന്നു. ഇവ നടപ്പിലാക്കുന്നതുവഴി ജല മലിനീകരണ നിയന്ത്രണവും അന്തരീക്ഷ വായുവിലെ മാലിന്യ ഘടകങ്ങളുടെ അളവുകളിലെ നിയന്ത്രണവും പ്രാവർത്തികമാക്കുന്നു.

2. ബോർഡിന്റെ പ്രവർത്തനം കൂടുതൽ വേഗത്തിലാക്കുന്നതിനായി ബോർഡ് നൽകിവരുന്ന അനുമതികളെ ഓൺലൈൻ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. താരതമ്യേന മലിനീകരണം കൂടുതലുള്ള സ്ഥാപനങ്ങൾക്ക് ഓൺലൈൻ മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

3. ജല/വായു ഗുണനിലവാരം നിർണ്ണയിക്കുന്നതിനും അവ അപ്പപ്പോൾ പൊതുജനങ്ങളിൽ എത്തിക്കാനുമുള്ള പ്രദർശന സംവിധാനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് പ്രവർത്തിപ്പിച്ചുവരുന്നു.

4. ജല/വായു ഗുണനിലവാര പരിശോധനയ്ക്കായി NABL അക്രഡിറ്റേഷനോടുകൂടിയ കേന്ദ്ര പരിശോധനശാല എറണാകുളത്തും എല്ലാ ജില്ലാ ഓഫീസുകളോടും ചേർന്ന് ജില്ലാ പരിശോധനശാലയും പ്രവർത്തിച്ചുവരുന്നു.

5. സംസ്ഥാനത്ത് ആശുപത്രി മാലിന്യം സംസ്കരിക്കുന്നതിനായി പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ മാതൃകരീതിയിൽ ഇന്ത്യൻ മെഡിക്കൽ അസോസ്സിയേഷൻ (IMA) കേരള ഘടകത്തിന്റെ മേൽനോട്ടത്തിൽ "IMAGE" എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. സംസ്ഥാനത്തെ അപകടകരമായ ഖരമാലിന്യം സംസ്കരിക്കുന്നതിനായി ഒരു പൊതു ഹസാർഡ്സ് വേസ്റ്റ് സംസ്കരണ സംവിധാനം Kerala Enviro Infrastructure Limited-ന്റെ ഉടമസ്ഥതയിൽ എറണാകുളം ജില്ലയിലെ അമ്പലമുകളിൽ പ്രവർത്തിച്ചുവരുന്നു. ടി സംവിധാനത്തിന്റെ മേൽനോട്ടം ബോർഡ് നിർവ്വഹിച്ചു വരുന്നു.

7. ഫെസ്റ്റിവൽ മോണിറ്ററിംഗിന്റെ ഭാഗമായി ശബരിമല തീർത്ഥാടന കേന്ദ്രം, മാരാമൺ കൺവെൻഷൻ, ആറ്റുകാൽ എന്നിവിടങ്ങളിൽ ഉത്സവ സമയത്ത് ബോർഡ് മോണിറ്ററിംഗ് നടത്തുന്നു. കൂടാതെ ദീപാവലിയോടനുബന്ധിച്ചും ഗണേശോത്സവവുമായി ബന്ധപ്പെട്ട വിഗ്രഹ നിമജ്ജനത്തോടു ബന്ധപ്പെട്ടും ബോർഡിൽനിന്ന് മോണിറ്ററിംഗ് നടത്തി വരുന്നു.

8. കേരളത്തിന്റെ വ്യവസായ കേന്ദ്രമായ പെരിയാറിന്റെ തീരത്തുള്ള (ഏലൂർ, എടയാർ ഭാഗം) വ്യവസായങ്ങളുടെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിശോധനാസജ്ജമായ ഒരു സർവൈലൻസ് വാൻ ബോർഡ് പ്രവർത്തിപ്പിച്ചുവരുന്നു.

9. എറണാകുളം ജനറൽ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, വടക്കാഞ്ചേരി താലൂക്കാശുപത്രി എന്നിവിടങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനും പാമ്പാടി താലൂക്കാശുപത്രിയിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റിനും ഖാദി ആന്റ് വില്ലേജ് അസോസ്സിയേഷന് ഡൈ ഹൗസിൽ നിന്നുള്ള മലിന ജലം ശുദ്ധീകരിക്കുന്നതിനുള്ള പ്ലാന്റിനും ബോർഡ് സാമ്പത്തിക സഹായം നൽകി നടപ്പാക്കി വരുന്നു.

10. തിരുവനന്തപുരം നഗരത്തിലെ ശബ്ദ നിലവാര മാപ്പിംഗ് നടത്തുന്നതിനുള്ള നടപടി കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടപ്പാക്കിവരുന്നു. തിരുവനന്തപുരം നഗരത്തിലെ വാഹനങ്ങൾ മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം സംബന്ധിച്ച പഠനം NATPAC മുഖേന നടപ്പാക്കി വരുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ പത്ര-ദൃശ്യ മാധ്യമങ്ങൾവഴി ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly